# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3169 24.02.2016 ലെ മറുപടിക്ക്

ചോദ്യം

ശ്രീ. എം.എ.ബേബി
ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. കെ.ദാസൻ
പ്രൊഫ.സി. രവീന്ദ്രനാഥ്

മറുപടി

**ശ്രീ. ഉമ്മൻ ചാണ്ടി**
ബഹു. മുഖ്യമന്ത്രി

## കേന്ദ്രസർക്കാരിനോട് കേരളം ഉന്നയിച്ച ആവശ്യങ്ങൾ

| | | |
|---|---|---|
| (എ) | കേന്ദ്രബഡ്ജറ്റിനു മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ചു ചേർത്ത സംസ്ഥാന ധനകാര്യമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ; | 2016-17 കേന്ദ്രബഡ്ജറ്റിനു മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ചു ചേർത്ത സംസ്ഥാന ധനകാര്യമന്ത്രിമാരുടെ യോഗത്തിൽ മുഖ്യമന്ത്രിക്ക് നേരിട്ട് പങ്കെടുക്കുവാൻ സാധിക്കാത്തതിനാൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. അലോക് ഷീൽ കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള വിശദമായ മെമ്മോറാണ്ടം പ്രസ്തുത യോഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനം ഇപ്പോൾ നേരിടുന്ന സുപ്രധാന വിഷയമായ റബ്ബറിന്റെ വിലയിടിവ് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, ക്ഷീര കർഷക സഹകരണ സംഘങ്ങളെ വരുമാന നികുതിയുടെ പരിധിയിൽനിന്ന് ഒഴിവാക്കുക, സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്ക് വേണ്ടി ഇൻകം ടാക്സ് ആക്ടിന്റെ ബന്ധപ്പെട്ട സെക്ഷനുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക തുടങ്ങിയവയാണ് ധനമന്ത്രിമാരുടെ യോഗത്തിൽ സമർപ്പിച്ച നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ. കൂടാതെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാന |
| (ബി) | കേന്ദ്രസർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നതും ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതുമായ പദ്ധതികൾ നടപ്പിലാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; അവ ഏതൊക്കെയായിരുന്നു; | |
| (സി) | സംസ്ഥാനം ഇന്ന് പ്രധാനമായും നേരിടുന്ന എന്തെല്ലാം പ്രശ്നങ്ങൾ പ്രസ്തുത യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി എന്ന് വിശദമാക്കുമോ; | |
| (ഡി) | പ്രസ്തുത പ്രശ്നങ്ങളിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നുള്ള പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ; | |
| (ഇ) | സംസ്ഥാനത്ത് നിന്നും ആരെല്ലാം പ്രസ്തുത യോഗത്തിൽ പങ്കെടുക്കുകയുണ്ടായി ക്ഷണിക്കപ്പെട്ടിരുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ? | |
| | | |

| | | |
|---|---|---|
| | | സർക്കാർ വിവിധ വകുപ്പുകൾ മുഖാന്തിരം കേന്ദ്ര സർക്കാറിന് സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. സംസ്ഥാന ത്തിന്റെ വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയും മറ്റു സംസ്ഥാന മന്ത്രിമാരും പ്രധാന മന്ത്രിയേയും കേന്ദ്ര ധനകാര്യ മന്ത്രിയേയും മറ്റു മന്ത്രിമാരേയും നേരിട്ടു കണ്ടും കത്തിലൂടെയും കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തി വരുന്നുണ്ട്. ഇവയ്ക്കെല്ലാം അനുകൂലമായ പ്രതികരണമാണ് കേന്ദ്രമന്ത്രിമാരിൽ നിന്നും ലഭിച്ചിട്ടുള്ളത്. ഇവയ്ക്കായി അനുകൂലമായ നിർദ്ദേശങ്ങൾ കേന്ദ്ര ബഡ്ജറ്റിൽ പ്രിതിഫലിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം

- പൊതുജനാരോഗ്യ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ജനറിക് മെഡിസിനുകളുടെ വിലയുടെ 50 ശതമാനം കേന്ദ്ര സഹായമായി അനുവദിക്കുക.
- സംസ്ഥാന റബ്ബർ വിലസ്ഥിരതാ ഫണ്ടിന് കേന്ദ്രസഹായമായി 500 കോടി രൂപ അനുവദിക്കുക.
- റബ്ബറിന്റെ ഇറക്കുമതിചുങ്കം നിലവിലുള്ള 25 ശതമാനത്തിൽ നിന്നും 40 ശതമാനമായി ഉയർത്തുക.
- മലബാർ ക്യാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച് സെന്ററായി ഉയർത്തുന്നതിന് കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം.
- തിരുവനന്തപുരം ആർ.സി.സി യെ ദേശീയ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി പ്രഖ്യാപിക്കുക.
- ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുക.
- പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ നിർമ്മാണത്തിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തുക.
- കേരളത്തിൽ സബർബൻ റെയിൽ സർവ്വീസ് നടപ്പാക്കുന്നതിനാവശ്യമായ തുക അനുവദിക്കുക.
- കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് അനുവദിക്കുക.
- നിലമ്പൂർ-നഞ്ചൻകോട് റെയിൽ പാത നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുക.
- സ്വച്ഛ്ഭാരത്, തൊഴിലുറപ്പു പദ്ധതികളിൽ തോട്ടം മേഖലയെയും ഉൾപ്പെടുത്തുക.
- ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കു കീഴിൽ രജിസ്റ്റർ ചെയ്ത പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ആദായനികുതിയിൽ നിന്നും ഒഴിവാക്കുക.
- സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വത്തിനുവേണ്ടി Income Tax Act -1961, Section-40, Clause (a), Sub clause (iib) ഒഴിവാക്കുക.
- ഭരണഘടനാഭേദഗതിയിലൂടെ ആർട്ടിക്കിൾ 276 (2) പ്രകാരം ഈടാക്കുന്ന തൊഴിൽനികുതിയുടെ ഉയർന്ന പരിധി നിലവിലെ 2500 രൂപയിൽ നിന്നും വർദ്ധിപ്പിക്കുക.

(signature)

അക്കൗണ്ട്സ് ഓഫീസർ